**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5263** **14-03-2023 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങൾ ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. എൻ. എ. നെല്ലിക്കുന്ന് , ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ) | തുറമുഖ ഒഴുകിവരുന്ന നദികൾ പുഴകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി മാന്വൽ ഡ്രഡ്ജിങ്ങ് നടത്തുന്നതു വഴി ലഭിക്കുന്ന മണൽ, ശുദ്ധീകരിച്ചും അല്ലാതെയും, കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ട്. ഇപ്രകാരം മാന്വൽ ഡ്രഡ്ജിങ്ങ് വഴി ലഭിക്കുന്ന മണൽ, നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിന് 9/02/2017ലെ സ.ഉ.(കൈ)നം.2/2017/മതുവ നമ്പർ പ്രകാരമുള്ള മാനുവൽ ഡ്രഡ്ജിങ്ങ് കരട് നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിൽ നിന്നും ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, വടകര, അഴീക്കൽ, കാസർഗോഡ് എന്നീ തുറമുഖങ്ങളുടെ പരിധിയിലുള്ള വിവിധതരം കടവുകളിൽ നിന്നുമുള്ള മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. |
| (സി) | ഈ പ്രവൃത്തി ആരെയാണ് ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | പൊന്നാനി തുറമുഖ പരിധിയിൽ നിന്നും ശേഖരിക്കുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ ശുദ്ധീകരിക്കുവാൻ മെസേഴ്സ് രാജധാനി മിനറൽസ് എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ അഴീക്കലിലും പൊന്നാനി യിലെതുപോലുള്ള മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ കേരള മാരിടൈം ബോർഡ് താൽപര്യപത്രം ക്ഷണിക്കുന്നതാണ്. |
| (ഡി) | ഇതുവഴി പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഈ സാമ്പത്തിക വർഷം ഇതുവരെ 22,52,06,708 (ഇരുപത്തിരണ്ട് കോടി അൻപത്തിരണ്ട് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി എട്ട് രൂപ മാത്രം) വരുമാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ